**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3737** **06-08-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പഠനമുറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സാമൂഹ്യ പഠന മുറികളിലെ പഠന പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | പട്ടികജാതി വികസന വകുപ്പിൽ സാമൂഹ്യ പഠനമുറി ആരംഭിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച സാമൂഹ്യ പഠന മുറികളിൽ പഠന പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. കോവിഡ് രോഗവ്യാപനം രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ കണ്ടെയിൻമെന്റ് സോണുകളിൽ വരുന്ന സാമൂഹ്യ പഠന മുറികൾ താല്ക്കാലികമായി പ്രവർത്തനം നിർത്തി വെയ്ക്കാറുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിലെ ഫെസിലിറ്റേറ്ററ്റുമാർ കുട്ടികളുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി കോവിഡ് കാലഘട്ടത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ പദ്ധതികൾ പ്രകാരമുള്ള മുഴുവൻ ആനുകൂല്യങ്ങളും കോവിഡ് കാലത്തും വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡിജിറ്റൽ പഠനസൗകര്യം ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്കായി 250 സാമൂഹ്യ പഠനമുറികൾക്ക് പുറമെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ , അങ്കണവാടികൾ, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതുയിടങ്ങളിൽ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ കൂടി സഹകരണത്തോടെ ക്ലാസ്സുകൾ ലഭ്യാമാക്കുന്നുണ്ട്. മെന്റർ ടീച്ചർമാർ, അദ്ധ്യാപകർ, റിട്ടയർചെയ്ത അദ്ധ്യാപകർ എന്നിവരിൽ ആരുടെയെങ്കിലും സേവനം ഇവിടെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ സാമൂഹ്യമാധ്യമങ്ങളുടെ സഹായം ഉപയോഗിച്ചു കൊണ്ട് ക്ലാസ്സുകൾ |

| | | | |
|---|---|---|---|
| | | | നൽകുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്യുന്നുണ്ട്. ഈ സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് നേരിട്ട് എത്തിക്കുന്നതിനുളള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ ഉൾമേഖലകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ ഉൾമേഖലകളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് പദ്ധതികൾ ഒന്നും തന്നെ നിലവില്ല. എന്നാൽ പട്ടികവർഗ്ഗ മേഖലയിൽ കണക്ടിവിറ്റി തീരെ ഇല്ലാത്തതും ഭാഗികമായി മാത്രം ലഭ്യമാക്കുന്നതുമായ കോളനികളുടെ വിവരങ്ങൾ ഐ.റ്റി വകുപ്പിന് കൈമാറുകയും ഐ.ടി വകുപ്പ് ടെലികോം സേവനദാതാക്കളും ഇന്റർനെറ്റ് സേവനദാതാക്കളുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ഇതിലേയ്ക്കായി ആവശ്യമായി വരുന്ന ചെലവുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ്സ് ഫണ്ടിൽ നിന്ന് അനുവദിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അനുവാദം നൽകിയിട്ടുണ്ട്. |
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനസഹായം ലഭ്യമാക്കാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസഹായം ലഭ്യമാക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസഹായം ലഭ്യമാക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2ആയും ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം .I

1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാൻറ് (നഴ്സറി മുതൽ 10-ാം ക്ലാസ്സ് വരെ)
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി & സെക്കൻററി എഡ്യൂക്കേഷൻ എയ്ഡ്
4. 9.10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്.
5. ഗവൺമെൻറ് ഓഫ് ഇൻഡ്യ സ്കോളർഷിപ്പ് .
6. സ്റ്റെതസ്കോപ്പ് ധനസഹായം
7. ലാപ്ടോപ്പ് ധനസഹായം
8. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവ് ധനസഹായം.
9. അയ്യങ്കാളി ടാലൻറ് സെർച്ച് സ്കോളർഷിപ്പ്
10. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.
11. പ്രത്യേക പ്രോത്സാഹന സമ്മാനം.
12. മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
13. ബുക്ക് ബാങ്ക് സ്കീം
14. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്
15. പ്രീമെട്രിക് ഹോസ്റ്റൽ.
16. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
17. ഐ.റ്റി.ഐ കൾ
18. PETC കൾ (Pre Examination Training Centres )
19. നഴ്സറി സ്കൂൾ
20. ICSETS ( Institute for Civil Services Examination Training Society )
21. പാരലൽ കോളേജ് ധനസഹായം
22. പഠനമുറി
23. വിദേശ പഠന ധനസഹായം
24. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്കുള്ള ധനസഹായം
25. ബി.ടെക് കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ കൊഴിഞ്ഞ് പോക്ക് തടയുന്നതിനായി റമഡിയൽ ട്യൂഷൻ പദ്ധതി IHRD മുഖേന നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

1. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി

നഴ്സറിതലം മുതൽ എസ്.എസ്.എൽ.സി വരെ പഠനം നടത്തുന്ന കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്,പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകുന്നു. നിരക്ക് ചുവടെ ചേർക്കുന്നു.

| | എൽ.പി വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതി മാസ സ്റ്റൈപ്പന്റ് |
|---|---|---|---|
| 1 | 1 മുതൽ 4 വരെ | 750/- | 200/- |
| 2 | യു.പി. വിഭാഗം 5 മുതൽ 7 വരെ | 900/- | 200/- |
| 3 | ഹൈസ്ക്കൂൾ വിഭാഗം | 1000/- | 200/- |

2. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി - 9,10 ക്ലാസ്സുകളിൽ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

9, 10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം 2.5 ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 2250 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്സ് തുടങ്ങിയ പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250 രൂപയും 1000 രൂപയും നൽകുന്നു.

3. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി

പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്ക് "പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തു വരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകി വരുന്നു.

4) വിദേശപഠനത്തിനുള്ള ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

5) അന്യസംസ്ഥാന പഠനം

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിനായി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃതപോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചു വരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച്വരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ്വഴി

സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ച് വരുന്നു.

6) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി

സമർത്ഥരായ പട്ടികവർഗ വിദ്യാർത്ഥികളെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർ പഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 4-ാം ക്ലാസ് വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 10-ാം ക്ലാസ്സുവരെ സ്കോളർഷിപ്പ് നൽകുകയും ബോധതലം ഉയർത്താൻ സെമിനാർ നടത്തുകയും ചെയ്യുന്നു.

7) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാഡമിക്-കലാ-കായിക മൽസരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്. എസ്.എസ്.എൽ.സി, +2 പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 3000/- രൂപയും, ബിരുദം, ബിരുദാനന്തര ബിരുദം എന്നീ പരീക്ഷകളിൽ ഒന്നാം ക്ലാസ്സിൽ പാസ്സാകുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

8) മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുളള ധനസഹായം

മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് (വാർഷിക വരുമാനം 40,000/-രൂപയ്ക്കു താഴെ)പ്രാരംഭ ചെലവിനത്തിൽ 5,000/- രൂപ ധനസഹായം നൽകി വരുന്നു.

9) പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം

+2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ +2 കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത്, എം.ബി.ബി.എസ്/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരുമാസത്തെ ക്രാഷ്കോഴ്സ്, 10 മാസത്തോളം നീണ്ടു നിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് നടത്തുന്നു.

10) ലാപ്ടോപ്പ് വിതരണം

ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

11) സാമൂഹ്യപഠന മുറി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 250 സാമൂഹ്യ പഠനമുറികൾ എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചു വരുന്നു.

ടി പദ്ധതിയിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും 250 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ജോലി ഉറപ്പ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ പഠനമുറിയിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ സ്കൂളിലെ ഹാജർ നിലവാരം ഉയർന്നിട്ടുണ്ട്. ഇത് പഠന നിലവാരം വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. നിലവിൽ 250 സാമൂഹ്യപഠനമുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു.

12)ഗോത്രബന്ധു പദ്ധതി

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്ക്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, പാലക്കാട് ജില്ലകളിലായി 287 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

13) മോഡൽ സിഡൻഷ്യൽ സ്കൂൾ,ഹോസ്റ്റൽ

വകുപ്പിന് കീഴിൽ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും,105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ.